UNION LP SCHOOL
NARAYANAMANGALAM

# യൂണിയൻ എൽ പി സ്കൂൾ
# നാരായണമംഗലം

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



# ആമുഖം

അധികാര വികേന്ദ്രീകരണത്തിന്റെ സാധ്യതകൾ അനുഭവിച്ചറിഞ്ഞ നാടാണ് കേരളം .വർദ്ധമാനമായ  തോതിൽ ഇവിടുത്തെ ജനവിഭാഗങ്ങൾ ഗണ്യമായ സംഭാവനകൾ നൽകിക്കൊണ്ട് രൂപപ്പെടുത്തിയ ഒരു സാമൂഹ്യവികസന സംസ്കാരം കേരളത്തെ കേരളമാക്കി മാറ്റുന്നതിൽ വലിയ പങ്കാണ് വഹിച്ച് പോരുന്നത്.

വിദ്യാഭ്യാസവും വികസനവും പരസ്പര പൂരകങ്ങളാണ്. സാമൂഹ്യ നീതിക്ക് വേണ്ടിയുള്ള പോരാട്ടങ്ങളുടേയും ശ്രമങ്ങളുടേയും ഫലമായാണ് സാമൂഹ്യ വികസനവും വിദ്യാഭ്യാസ വികസനവും ഇവിടെ പുരോഗമിച്ചത്. ഇപ്പോൾ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സുശക്തമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നമുക്കുണ്ട്. അതിവിപുലമായ വിദ്യാഭ്യാസശൃംഗല കേരളത്തിന്റെ മാത്രം സവിശേഷതയാണ്.

വിദ്യാഭ്യാസത്തെ വിമോചനത്തിനുള്ള മൂന്നുപാധിയാക്കി മാറ്റിയ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ പുലർത്തിയ മഹത്തായ ഒരു ദർശനം നമുക്ക് മുന്നിലുണ്ട്. എല്ലാവർക്കും തുല്യ അവസരങ്ങൾ പ്രദാനം ചെയ്യുന്ന എല്ലാവരുടേയും മുന്നേറ്റം  ലക്ഷ്യമിടുന്ന പൊതു സംവിധാനങ്ങൾ വളർന്നു വന്നത്  ഈ ദർശനത്തിന്റെ വെളിച്ചത്തിലാണ്.
പൊതുവിദ്യാഭ്യാസം അതിന്റെ വളർച്ചയുടെ നിരവധി പടവുകൾ പിന്നിട്ടുകഴിഞ്ഞു.
പൊതുവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ കൂട്ടായ്മകൊണ്ട് നമുക്ക് ഏറെ  മുന്നോട്ട് പോകാൻ കഴിയും എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായ വിദ്യാഭ്യാസ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ വിദ്യാഭ്യാസ വികസനരേഖയ്ക്ക് രൂപം നൽകുന്നത്.

# <u>വിദ്യാലയത്തെക്കുറിച്ച്</u>

തൃശ്ശൂർജില്ലയിലെ തെക്കുപടിഞ്ഞാറ് മൂലയിൽ സ്ഥിതി ചെയ്യുന്ന കൊടുങ്ങല്ലൂർ നഗരസഭയിലെ വാർഡ് 11 ലാണ് യൂണിയൻ എൽ.പി.സ്കൂൾ നാരായണമംഗലമെന്ന നമ്മുടെ വിദ്യാലയം സ്ഥിതിചെയ്യുന്നത്. നാല് വശവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന കോഴിക്കുളങ്ങര എന്ന ഭൂപ്രദേശത്തെ രണ്ട് പൊതുസ്ഥാപനങ്ങളിൽ ഒന്നാണ് ഈ വിദ്യാലയം. കൊടുങ്ങല്ലൂർ നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു അംഗൻവാടിയാണ് മറ്റൊരു പൊതുസ്ഥാപനം. കിഴക്ക് പുത്തൻചിറ ഗ്രാമപഞ്ചായത്തും വടക്ക് വെള്ളാംകല്ലൂർ ഗ്രാമപഞ്ചായത്തും സ്ഥിതി ചെയ്യുന്നു. തെക്ക്-പടിഞ്ഞാറ് ഭാഗങ്ങളിൽ നഗരസഭയുടെ മറ്റ് പ്രദേശങ്ങളാണ് സ്ഥിതി ചെയ്യുന്നത്. കോഴിക്കുളങ്ങര പ്രദേശം, വെള്ളാംകല്ലൂർ ഗ്രാമപഞ്ചായത്തിലെ നെടുങ്ങാണത്തുകുന്ന് ,പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ വെള്ളൂർ, നഗരസഭയിലെ നായ്ക്കുളം, പുല്ലൂറ്റ് -നാരായണമംഗലം പ്രദേശത്ത് നിന്നുള്ള കുട്ടികളാണ് ഇന്ന് ഈ വിദ്യാലയത്തിൽ വിദ്യാഭ്യാസത്തിനായി എത്തിച്ചേരുന്നത്.

# വിദ്യാലയത്തിന്റെ ചരിത്രത്തിലേക്ക്

1930 കളുടെ ആദ്യത്തിലാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെടുന്നത്. 1931 ൽ വിദ്യാലയത്തിന് അഫിലിയേഷൻ ലഭിച്ചു. അക്കാലത്ത് ഈ പ്രദേശത്ത് യാതൊരു വിധത്തിലും വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. തുടക്കത്തിൽ ഗുമസ്തൻ മാഷിന്റെ ( രാമൻ സ്റ്റർ) വീടിന്റെ അറയിലായിരുന്നു ആദ്യത്തെ ക്ലാസുകൾ നടന്നിരുന്നത്. ആദ്യ കാലത്ത് വിദ്യാലയത്തിന് സർക്കാർ അഫിലിയേഷൻ ഉണ്ടായിരുന്നില്ല.

അക്കാലത്ത് നടന്ന ഒരു തെരഞ്ഞെടുപ്പ് വിദ്യാലയ ചരിത്രത്തിന്റെ ഭാഗമാണ്. അഴീക്കോട് സ്വദേശി കെ.എ. ഇബ്രാഹിമും ഒരു ഇസ്മാലി സേട്ടും തമ്മിലായിരുന്നു പ്രധാന മത്സരം. സർക്കാരിന് നികുതികൊടുക്കുന്നവർക്ക് മാത്രമേ അക്കാലത്ത് വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ . പട്ടയം ഉണ്ടായിരുന്ന 41 പേരുടെ വോട്ടുകൾ തനിക്ക് തന്നെ ലഭിക്കുന്നതിന് വേണ്ടി ഇസ്മാലി സേട്ട് വോട്ടുകൾ കച്ചവടമാക്കാൻ തീരുമാനിച്ചു. ഒരു വോട്ടിന് രണ്ട് രൂപ വെച്ച് കോഴിക്കുളങ്ങര പ്രദേശത്തെ 41 വോട്ടുകളും സേട്ടു വാങ്ങി. അതിൽ ഒരു വോട്ടർ മാത്രം തന്റെ വിഹിതം തനിക്ക് വേണമെന്ന് വാശിപിടിച്ചു. മറ്റുള്ള നാല്പത് പേർ ചേർന്ന് തങ്ങളുടെ വിഹിതം തങ്ങളുടെ പ്രദേശത്ത് ഒരു വിദ്യാലയം സ്ഥാപിക്കുന്നതിന് വേണ്ടി ഉപയോഗപ്പെടുത്തണമെന്ന്

തീരുമാനിക്കുകയും യൂണിയൻ എൽ.പി.സ്കൂളിന്റെ ആദ്യമൂലധനമായി മാറ്റുകയും ചെയ്തു  എന്നാണ് ചരിത്രം.

കോഴിക്കുളങ്ങര ക്ഷേത്രത്തിന് സമീപത്തുള്ള നെടുംപറമ്പിൽ കുമാരന്റെ സ്ഥലത്താണ് അഫിലിയേറ്റ് ചെയ്യപ്പെട്ടതിന് ശേഷം ഈ വിദ്യാലയം ആദ്യമായി പ്രവർത്തനം ആരംഭിച്ചത്. കാലക്രമത്തിൽ എല്ലാ ക്ലാസുകളും സ്കൂളിൽ ആരംഭിച്ചു. നാലര ക്ലാസ് വരെയാണ്  വിദ്യാലയത്തിൽ ആദ്യകാലഘട്ടത്തിൽ ഉണ്ടായിരുന്നത്. തുടർന്ന് അഞ്ചാം ക്ലാസും ആരംഭിച്ചു. അക്കാലത്ത് നാട്ടിലെ പ്രമാണിമാരിൽ ഒരാളായിരുന്ന കൃഷ്ണയ്യരുടെ പേരക്കിടാവ് കുഞ്ചുസ്വാമി കൂടാതെ ഗോപാലൻ മാസ്റ്റർ, സേവ്യർ മാസ്റ്റർ എന്നിവരെല്ലാമായിരുന്നു ആദ്യകാല അധ്യാപകർ. ഒരു ഘട്ടത്തിൽ വിദ്യാലയ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം അധ്യാപകർ ഏറ്റെടുക്കുകയും സ്റ്റാഫ് മാനേജ്മെന്റ് രീതിയിലേക്ക് വിദ്യാലയം മാറുകയും ചെയ്തു.

# കുട്ടികളുടെ അക്കാദമിക നിലവാരം

2024 - 25 അധ്യയന വർഷത്തിലെ കുട്ടികളുടെ ശരാശരി പഠനനിലവാരം പരിശോധിക്കുമ്പോൾ 60% കുട്ടികൾ എ ഗ്രേഡ് നേടിയവരാണ് , 30 ശതമാനം കുട്ടികൾ ബി ഗ്രേഡുകാരും, 10 ശതമാനം കുട്ടികൾ C ഗ്രേഡുകാരും ആണ്. പൊതുവെ കുട്ടികൾക്ക് ഭാഷയിലും ,ഗണിതത്തിലുമാണ് കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി കണ്ടെത്തിയിട്ടുള്ളത്. ഭാഷാ പഠനത്തിൽ ഭാഷണം ,ലേഖനം എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടിയിരിക്കുന്നു. പരിസരപഠനത്തിൽ  കുട്ടികൾ കൂടുതൽ സ്കോർ നേടുന്നതായി കണ്ടെത്തിയിട്ടുണ്ട് ഇംഗ്ലീഷ് ഭാഷ പഠനം കുട്ടികൾക്ക് വലിയ താല്പര്യം ഉണർത്തുന്ന ഒന്നായി വിലയിരുത്തുന്നു . വിദ്യാലയത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ തുടർച്ച കുട്ടികളുടെ വീടുകളിൽനിന്നും വേണ്ടത്ര ഉണ്ടാകുന്നില്ലെന്ന വിമർശനം അധ്യാപകരുടെ ഇടയിൽ അഭിപ്രായമുണ്ട്. അധിക പഠനത്തിനു വേണ്ടി  രക്ഷിതാക്കളിൽ 50 ശതമാനത്തോളം പേർ ട്യൂഷന് ശ്രമിക്കുന്നുണ്ട്. എന്നാൽ ട്യൂഷൻ ക്ലാസുകളിൽ നിന്നും പലപ്പോഴും കുട്ടികൾക്ക് ഉദ്ദേശിച്ച ലക്ഷ്യങ്ങൾക്ക് സഹായകരമല്ലാത്ത കാര്യങ്ങളാണ് ലഭിക്കുന്നത് എന്നും വിലയിരുത്തപ്പെടുന്നുണ്ട് . ഇത് സംബന്ധിച്ച് രക്ഷിതാക്കൾക്കിടയിലും ട്യൂഷൻ അധ്യാപകർക്കിടയിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാറുണ്ട്.

# UNION L P SCHOOL NARAYANAMANGALAM

## STUDENTS STRENGTH 2025-26

| CLASS | TOTAL | | | SC | | | ST | | | OBC | | | MUSLIM | | | OEC | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| PRE-PRIMARY | 16 | 23 | 39 | 1 | 0 | 1 | 0 | 0 | 0 | 1 | 0 | 1 | 10 | 14 | 24 | 4 | 9 | 13 |
| 1 | 9 | 11 | 20 | 1 | 2 | 3 | 0 | 0 | 0 | 0 | 3 | 3 | 5 | 2 | 7 | 3 | 4 | 7 |
| 2 | 10 | 4 | 14 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 4 | 1 | 5 | 5 | 3 | 8 |
| 3 | 15 | 7 | 22 | 1 | 1 | 2 | 0 | 0 | 0 | 5 | 0 | 5 | 7 | 5 | 12 | 2 | 1 | 3 |
| 4 | 2 | 16 | 18 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 3 | 0 | 4 | 4 | 2 | 9 | 11 |
| TOTAL | 52 | 61 | 113 | 3 | 3 | 6 | 0 | 0 | 0 | 7 | 6 | 13 | 26 | 26 | 52 | 16 | 26 | 42 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## STD - I

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതിപ്രകടിപ്പിക്കാൻ കഴിവുനേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾക്ക് ലക്ഷ്യം ഇടുന്നത്. ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവവൈവിധ്യത്തിലും കൂടുതൽ അവബോധം ഉണ്ടാ-

-ക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. പഠനപ്രവർത്തനങ്ങൾ ശിശുസൗഹൃദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും പദ്ധതി ലക്ഷ്യമിടുന്നു.

വിഷയം : മലയാളം

ലക്ഷ്യങ്ങൾ:

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകഥകൾ, കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ചെറുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
* പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
* ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
* പത്രം തയ്യാറാക്കുന്നു.
* സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം. |
|---|---|---|
| വായന | * ചിത്രവായന<br>* വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>* വായനമൂല ഒരുക്കൽ<br>* പത്രവായന<br>* വായന കാർഡ് | June, July, August. |
| ലേഖനം | * ചിത്രങ്ങൾ നോക്കി പേര് എഴുതുന്നു<br>* സചിത്ര പുസ്തകം.<br>* സംയുക്തഡയറി<br>* ആവർത്തിച്ചു വരുന്ന പദങ്ങൾ, അക്ഷരങ്ങൾ | September - December |
| | * സങ്കല്പിക ഡയറി.<br>* വരികൾ കൂട്ടിച്ചേർക്കുന്നു<br>* ചിത്രത്തിൽ നിന്ന് കഥ ഉണ്ടാക്കുന്നു.<br>* സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു. | December - March |

# ഗണിതം

## ലക്ഷ്യങ്ങൾ:-

* ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയം ആക്കി തീർക്കുന്നതിന്
* വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.
* സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാവ്യാഖ്യാനം തുടങ്ങിയ പഠനനേട്ടം ലക്ഷ്യം വെച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്കു മുൻതൂക്കം.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| സംഖ്യാബോധം | * സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു<br>* സംഖ്യാകാർഡ് നിർമ്മിക്കൽ | ജൂൺ |
| ഗണിതകിറ്റ് | * ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു. | ജൂലൈ |
| വലിയസംഖ്യ ചെറിയസംഖ്യ | 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>വലിയ സംഖ്യ ചെറിയസംഖ്യ തിരിച്ചറിയൽ പ്രവർത്തനം | ആഗസ്റ്റ് |

| | | |
|---|---|---|
| സങ്കലന പ്രക്രിയകൾ | *സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ<br>*രണ്ടക്കസംഖ്യകൾ തമ്മിലുള്ള സങ്കലന പ്രക്രിയക്ക് ഊന്നൽ നൽകൽ | സെപ്റ്റംബർ |
| ഒറ്റസംഖ്യ ഇരട്ടസംഖ്യ | *ഒറ്റസംഖ്യകൾ ഇരട്ടസംഖ്യകൾ തിരിച്ചറിയൽ<br>*ഒന്നിടവിട്ട സംഖ്യകൾ, ഒറ്റ സംഖ്യകൾ, ഇരട്ടസംഖ്യകൾ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ | ഒക്ടോബർ |
| സംഖ്യാഗാനങ്ങൾ | പാടുന്നു, ശേഖരിക്കുന്നു. | നവംബർ |
| വർക്ക്ഷീറ്റ് | സംഖ്യകളെ തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വർക്ക്ഷീറ്റുകൾ | ഡിസംബർ |
| വ്യവകലന പ്രവർത്തനങ്ങൾ | ഒറ്റ സംഖ്യയും രണ്ട് സംഖ്യകളും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ | ഫെബ്രുവരി |
| ചിഹ്നങ്ങൾ തിരിച്ചറിയൽ ഗണിതകിറ്റ് | സങ്കലനം വ്യവകലനം എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു.<br>ഗണിതകിറ്റ് പ്രവർത്തനങ്ങൾ<br>സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ | മാർച്ച് |

# English

## Aim

* All learners get intrested in English learning.
* Listen to narratives & teacher talks and show signs of understanding verbally.
* Able to comprehend the instructions of the teacher and respond accordingly.
* To speak, read and write English without any mistake.

| Aim | Activities | Month |
|---|---|---|
| Skills | * To develop listening skills and reading skills | June |
| | * Description, grouping, sentences, picture reading, riddles, quiz | July. |
| Reading skills | * Reading breaking news | August |
| | * find words from reading materials | |
| | * Rhyming words. | August |
| | * Describing words from text book activities. | september. |
| writing skills. | * make word web * story telling<br>* picture description * Riddles<br>* word chain * Conversation. | october<br>November<br>December<br>January<br>february,<br>March. |

# പരിസരപഠനം

## ലക്ഷ്യങ്ങൾ:-

* കുട്ടികളിൽ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക
* തന്റെ പരിസരവുമായി ഇടപഴകിച്ചേർന്നു പഠിക്കുന്നതിനു
* കുട്ടികൾ ശാസ്ത്രീയ വശങ്ങൾ മനസിലാക്കി നിരീക്ഷണങ്ങളിലൂടെ പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി സ്വന്തമായി നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
* ശാസ്ത്രബോധം വളർത്തിയെടുക്കൽ.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| *ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | *പ്രകൃതി നടത്തം.<br>*ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു.<br>*പല തരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | June-August |
| *ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | *സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു<br>*പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | September-November |

| | | |
|---|---|---|
| * ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടു വരുന്നു.<br>* ഓരോന്നിന്റെയും ഏത് ഭാഗമാണ് ഭക്ഷ്യയോഗ്യമായത് എന്ന് കണ്ടെത്തുന്നു.<br>* രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. | December - March |
| | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

യൂണിയൻ . എൽ. പി. സ്കൂൾ

ക്ലാസ് : 2

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേർ | നിർവഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2 | മലയാളം മധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4. | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| 5. | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |

## ആമുഖം

യൂണിയൻ എൽ.പി. സ്കൂളിൽ 2025-26 അധ്യയന വർഷം 14 കുട്ടികൾ രണ്ടാം ക്ലാസ് A ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്, ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* രക്ഷിതാക്കളുടെ സഹായത്തോടു കൂടി കുട്ടികൾ

സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യും.

* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുത്തുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
* സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ക്ലാസ് പി.ടി.എ കൾ ശക്തിപ്പെടുത്തും.
* സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.

# മലയാള മധുരം

## ആമുഖം :

ഒന്ന് രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞു കഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയ ഗഹനമായ വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികസനത്തിന് സാധ്യതയൊരുക്കുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ.

* ആത്മ വിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
* സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
* കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർ പ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യ വാരം)
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു.
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു.
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

## വിലയിരുത്തൽ

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്ക് വെക്കുന്നു.

## ചുമതല

ക്ലാസ് ടീച്ചർ, PTA, H.M

## സംയുക്ത ഡയറി

രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാ പഠനത്തിന് രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലക്ഷിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

### ലക്ഷ്യ പ്രസ്താവനകൾ

* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
* സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
* ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
* സ്കൂൾ റീഡേഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു.
* എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

* ജൂൺ മുതൽ ആരംഭിക്കുന്നു.
* ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
* കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
* കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
* സചിത്ര ഡയറി, എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്ക് മാറ്റാം.

വിലയിരുത്തൽ

* ലക്ഷ്യ പൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
* എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
* സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
* മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ.

സാമ്പത്തികം :- എസ്. എസ്. കെ.

## സചിത്ര പുസ്തകം

2025 വർഷത്തിൽ രണ്ടാം ക്ലാസിലെ യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ദേശിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

### ലക്ഷ്യ പ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു.

- സചിത്ര പുസ്തകം കുട്ടികൾക്ക് നന്നായി എഴുതാനും അവർക്ക് അത് നന്നായി ക്ലാസിൽ അവതരിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.
- എല്ലാ കുട്ടികളും സചിത്ര പാഠ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്.
- ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്ര പാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും.

വിലയിരുത്തൽ

- സചിത്ര പുസ്തകത്തിലെ പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികളും സചിത്ര പാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക്ബുക്ക് ഉറപ്പുവരുത്തുന്നു.
- പ്രതിമാസ പി.ടി.എ യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ടയാവുന്നു. കുട്ടികളുടെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പാക്കുന്നു.

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാവ്, എസ്. എസ്. കെ.

# റീഡേഴ്സ് തീയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

## ലക്ഷ്യ പ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- റീഡേഴ്സ് തീയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ.
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തെരഞ്ഞെടുത്ത ലഘുബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തീയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു.
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സദസ്സുകളിൽ അവതരിപ്പിക്കാൻ അവസരം.

വിലയിരുത്തൽ

- റീഡേഴ്സ് തീയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്. ആർ. ജി ക്ലാസ്, പി. ടി. എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.
- കുട്ടികളെ റീഡേഴ്സ് തീയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപികക്ക് പ്രായോഗിക ധാരണയുണ്ട്.
- റീഡേഴ്സ് തീയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘുബാല സാഹിത്യ കൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.
- മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും റീഡേഴ്സ് തീയേറ്ററിന്റെ ഭാഗമാക്കുന്നു.

ചുമതല

ക്ലാസ് ടീച്ചർ, സി.പി.ടി.എ

# ENGLISH

A B C

# ACADEMIC MASTER PLAN

UNION. L.P. SCHOOL.

CLASS : 2

Aim :

To speak, Read and write English without any mistakes.

TIME :

June to March.

To check the vocabulary and writing Skills of pupils.

June and July

To develop listening skills and Reading skills.

Listening Skills

1- Games, Action Songs, English activities.
2- Conversations, skit stories Use ICT

Speaking Skills

1- Identify the naming words from the picture
2- Identify the Action words from the same pictures
3- Make simple Sentences using the Action word and naming words about the picture.

4- Make symbol description about the picture.

5- Growing Sentences, picture reading, Self introduction, Assembly are also Conducted.

## ACTIVITIES

- Speech, book review, quiz riddles, self introduction, School radio etc.

## August and September

Develop the creative speaking and writing.

## Reading Skills

1- News paper reading, library books reading, Book review, Reading Breaking News.

2- Find Words

3- Collect and read past tense

4- Rhyming words

5. Describing words etc

6. Textbook Activities.

Writing Skills

1- Make word web
2 - Picture description with describing words
3. Word chain, Sentence chain
4. Make words and Sentences
5. Make riddles, conversations.
6. Add more lines

ACTIVITIES

Speech, Book review, quiz riddles, self introduction, School radio, makes description, magazines etc.

October and November

To express thoughts, feelings etc.

Reading Skills

1- News paper reading, library books reading, book review, reading.
2. Conversation, skit Stories use ICT materials.
3- Read Breaking News
4- Develop story and Read notice.

## Writing Skills

1- Description
2- Notice proclamation
3. Thought.

## ACTIVITIES

Speech, quiz riddles, school radio, magazines making, Skits etc.

December and January.

1- Develop the creative speaking and writing
2. To express thoughts, feelings etc.

## Reading Skills

1- News paper reading, library books reading, book review, reading.
2- Conversation, Skit Stories use ICT materials.
3- Reads breaking News.
4- Develop Story
5- Read Story
6- Read letters from Friends.

## Writing Skills

1- Diary
2- Letter
3- Announcement.

## ACTIVITIES

Speech, Quizz riddles, school radio, makes magazines, skit, class room post office etc.

February and March

To improve the presentation power.

## Reading Skills

1- News paper Readings, library books reading, book review reading.
2- Conversations, skit stories use ICT materials
3- Read breaking news
4- Develop story
5- Reads diary
6- Reads letters from friends.


## Writing Skills

1- Diary
2- Letter
3- Announcement
4- Description
5- Notice proclamation
6- Thought.

STD - 2

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം.



# പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
* ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ. വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

# മുന്നൊരുക്കം

* ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

# ലക്ഷ്യങ്ങൾ

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

## ജൂൺ

* വിവിധ തരം പാറ്റേണുകൾ പരിചയപ്പെടുത്തുകയും അവയിലെ സംഖ്യാബോധം കണ്ടെത്തൽ.

* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

* ഗണിതകിറ്റ് എല്ലാം കുട്ടികളിലും ഉറപ്പാക്കൽ.

* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ. (5+5 = 10)

## ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.
* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്റ്റംബർ

* ഗണിതത്തിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
* വിലവിവരപ്പട്ടിക തയ്യാറാക്കൽ.
* ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ.

## ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
* സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ.

## നവംബർ

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്ന പരിഹാരത്തിനായ് കളി നോട്ടുകൾ പേപ്പർ ഉണ്ടാ വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.
* "ക്ലാസിനൊരു കട" കളിയിലൂടെ പ്രശ്ന നിർധാരണം
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.

## ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ.)
* രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

* വില വിവരപട്ടിക തയ്യാറാക്കൽ.
  വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ.
  പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

## ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
* ഉല്ലാസ ഗണിതം Materils ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

## മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിഞ്ഞ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
* കലണ്ടർ സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ.
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.



[illegible]

2025-26

മേഖല: അക്കാദമികം ഉപമേഖല:- മലയാളം (1)

ഉദ്ദേശ്യം:- വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയേണ്ടതാണ്.

ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ: ശബ്ദശേഖരം (vocabulary) വർദ്ധിപ്പിക്കൽ.

എഴുത്ത്, വായന സംസാരശേഷി വർദ്ധിപ്പിക്കൽ.

| മാസങ്ങൾ | പ്രവർത്തനങ്ങൾ | പിന്തുണാസംവിധാനം |
|---|---|---|
| ജൂൺ, ജൂലൈ | Pretest<br>നിർദേശങ്ങൾ<br>പഠിക്കാനുള്ള ശേഷിയും വായനാശേഷിയും വർദ്ധിപ്പിക്കുക.<br>ഭാഷാ ഗെയിമുകൾ,<br>ആക്ഷൻ സോംഗ്സ്<br>ഭാവാത്മക വായന<br>കഥപറയൽ<br>അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ<br>ഐ.സി.ടി<br>ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ<br>സംഭാഷണം<br>ചിത്രവായന<br>കടങ്കഥകൾ, പഴഞ്ചൊല്ല്, ശേഖരണം,<br>ക്ലാസ് അവതരണം<br>അനുഭവ വിവരണം<br>ചിത്രത്തെക്കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക.<br>ചിത്രവിവരണം | SRG<br>മദർ പിടിഎ യുടെ ഇടപെടൽ |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ഓഗസ്റ്റ്-സെപ്റ്റംബർ | സൃഷ്ടിപരമായ എഴുത്തും സംസാരവും<br>വിദ്യാർത്ഥികളെ വികസിപ്പിക്കുക<br>കഥാപുസ്തകങ്ങൾ വായിക്കുക<br>വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ<br>കണ്ടെത്തുക.<br>പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ<br>വാക്കുകളുടെ വെബ്ബ് (word web)<br>നിർമ്മിക്കുക.<br>ചിത്ര വിവരണം<br>വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക.<br>ചോദ്യങ്ങൾ നിർമ്മിക്കുക.<br>ചോദ്യോത്തരപ്പയറ്റ്<br>വാക്കുകൾ കൂട്ടിച്ചേർത്തു കൂടുതൽ വാക്കുകൾ-<br>എഴുതുക. | SRG, PTA |
| ഒക്ടോബർ നവംബർ | ലക്ഷ്യം- ആലോചനകളും വികാരങ്ങളും<br>പ്രകടിപ്പിക്കാൻ കഴിയണം.<br>വായന ശേഷി:- ലൈബ്രറി പുസ്തകങ്ങൾ<br>വായിക്കുക.<br>കഥ, റോൾപ്ലേ, അനുഭവക്കുറിപ്പുകൾ. | SRG MPTA |
| ഡിസംബർ | ഒരു ദിനം ഒരു വാക്ക് എന്ന പ്രവർത്തനത്തിൽ<br>5 വാചകം നിർമ്മിക്കുന്നു. | SRG |
| ജനുവരി ഫെബ്രുവരി മാർച്ച് | വായനാകാർഡ് നിർമ്മാണം, വായ്ത്താരികളുടെ കണ്ടുപിടിത്തം, സദസ്സിൽ പരിചയപ്പെടുത്തൽ.<br>സർഗ്ഗവേളകളിൽ ചോദ്യോത്തരപ്പയറ്റ് നിർമ്മാണം.<br>പഠനോത്സവം, സ്വയരചനകൾ പരിചയപ്പെടുത്തൽ | MPTA |

മേഖല : അക്കാദമികം

ഉപമേഖല: പരിസരപഠനം

ക്ലാസ് : II

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാസംവിധാനം |
| --- | --- | --- |
| ജൂൺ | ചെടികളെ നിരീക്ഷിക്കുന്നു.<br>പ്രകൃതി നടത്തം<br>വിത്ത് മുളപ്പിക്കൽ<br>വ്യത്യസ്തതരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.<br>പരിസ്ഥിതി ദിനാചരണം<br>ഹരിതകാർഡ് നിർമാണം. | SRG |
| ജൂലൈ | · വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം<br>· മണ്ണ് നിരീക്ഷണം.<br>· ജൈവവൈവിധ്യ ഉദ്യാന നിർമാണം<br>ശലഭങ്ങൾ വരുന്ന ചെടികൾ നിരീക്ഷണം സ്കൂൾ മുറ്റത്തിൽ നട്ടു വളർത്തൽ | PTA, SRG |
| വർഷിയ സന്ദാവന | സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്ലാസ്റ്റിക് നിർമാർജ്ജനം | SRG, PTA |
| ഓഗസ്റ്റ് | മഴമാപിനി നിർമാണം.<br>ജലസംരക്ഷണം poster നിർമാണം.<br>കിണർ സന്ദർശനം.<br>മണ്ണ് നിരീക്ഷണം.<br>മണ്ണ് കൊണ്ട് രൂപങ്ങൾ നിർമിക്കൽ.<br>മണ്ണ് കൊണ്ടുള്ള വ്യത്യസ്ത ഉൽപ്പന്നങ്ങൾ<br>ആശയ പടം തയ്യാറാക്കൽ. | SRG |
| സെപ്റ്റംബർ | ശുചിത്വ poster നിർമാണം.<br>ശുചിത്വ ക്ലബ്ബ് രൂപീകരണം → പ്രവർത്തനങ്ങൾ<br>ആരോഗ്യബോധവത്കരണ സെമിനാർ | |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനങ്ങൾ |
| --- | --- | --- |
| ഒക്ടോബർ | ഫീൽഡ് ട്രിപ്പ്, പഴം/പച്ചക്കറികളുടെ food festival, ഉണ്ട് ആരോഗ്യകാർഡ് - ഓരോ കുടുംബം, കുട്ടിക്കും BMI കണ്ടുന്നു. സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ. ശരിയായ ഭക്ഷണശീലം. poster | PTA, MPTA SRG |
| നവംബർ | ആരോഗ്യ വിദഗ്ധരുടെ ക്ലാസ്<br>റോഡ്സേഫ്റ്റി - റോഡ് നിയമങ്ങൾ<br>first aid test തയ്യാറാക്കൽ<br>First aid Readers theatre<br>സ്വയ സുരക്ഷ<br>പത്ര cuttings<br>ചർച്ച<br>ബോധവൽക്കരണം | PTA |
| ഡിസംബർ | പരീക്ഷണങ്ങൾ നിരീക്ഷണ പ്രവർത്തനം, globe, ICT.<br>ഗ്ലോബ് നിർമാണം<br>ദേശീയപതാക വരയ്ക്കൽ<br>ദേശീയ ചിഹ്നങ്ങൾ<br>തിരിച്ചറിയൽ, ഭൂപട വായന, [illegible]-<br>ചിത്രരചന, കുറിപ്പ്.<br>ചോദ്യോത്തരപ്പയറ്റ്, ഭൂപ്രകൃതി തിരിച്ചറിയൽ, google map. | SRG, PTA |
| ജനുവരി ഫെബ്രുവരി മാർച്ച് | ജീവികളുടെ കൂടുകൾ, ചിത്രശേഖരണം, വ്യത്യസ്തതരം വീടുകൾ (album) [illegible]<br>പഠനോത്സവം | |

മേഖല:അക്കാദമികം ഉപമേഖല:- ഗണിതം

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ ലഭ്യമായ ഘടകം. |
|---|---|---|
| ജൂൺ - ആഗസ്റ്റ് | ജ്യാമിതിയിലെ സൗന്ദര്യം തിരിച്ചറിയൽ.<br>ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമ്മാണപ്രവർത്തനങ്ങളുടെ ആസൂത്രണവും<br>ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ. | SRG, MPTA |
| സെപ്റ്റംബർ | വസ്തുക്കളെ പ്രയോജനപ്പെടുത്തി സംഖ്യകളെ കൂട്ടുവാനും, കുറയ്ക്കുവാനുമുള്ള കഴിവ് പ്രയോഗം.<br>അവരോഹണം<br>ആരോഹണം<br>വലിയ സംഖ്യ ചെറിയ സംഖ്യ എന്നിവയുടെ തരംതിരിക്കൽ.<br>പാറ്റേൺ രൂപീകരിക്കുക<br>സ്കെയിലിനെ പരിചയപ്പെടുത്താം<br>മീറ്റർ സ്കെയിൽ നിർമ്മാണം.<br>തീപ്പെട്ടിക്കൊള്ളി<br>പെൻസിൽ<br>ബെഞ്ച്<br>ഡെസ്ക് എന്നിങ്ങനെയുള്ള വസ്തുക്കളുടെ<br>അളവ് പരിശോധന<br>മില്ലിമീറ്റർ, മീറ്റർ, സെന്റിമീറ്റർ എന്നിവയുടെ<br>കൃത്യമായ ധാരണ | SRG, PTA |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ഒക്ടോബർ | സംഖ്യാ ചാർട്ട് നിർമ്മാണം<br>(6) → മൂന്നിന്റെ 2 മടങ്ങ്; (6) — മൂന്നിന്റെ ഇരട്ടി; (6) — (2x3)<br>കൂട്ടൽ എന്നതിനെ ഉറപ്പിക്കാനും അതിലൂടെ ഗുണനത്തിലേയ്ക്ക് എത്താനും സാധിക്കുന്നു.<br>ഗുണനങ്ങളിൽ നിർമ്മാണം.<br>ഗുണന കാർഡ് നിർമ്മാണത്തിലൂടെ കളികളിൽ ഏർപ്പെടൽ.<br>ഒരു സംഖ്യയെ ഉത്തരമായി കിട്ടാൻ ഏതൊക്കെ വഴികളിലൂടെ (ഗുണനത്തിന്റെ) എത്തിച്ചേരാൻ സാധിക്കും എന്ന് തിരിച്ചറിയാം. | SRG |
| നവംബർ | അബാക്കസ് നിർമ്മാണം<br>Number web Making.<br>വ്യവകലനം, സങ്കലനം എന്നീ ക്രിയകൾ | SRG<br>MPTA |
| ഡിസംബർ | ക്ലോക്ക് നിർമ്മാണം<br>ക്ലോക്ക് ഗെയിം<br>സ്കൂൾ ഡയറിയിലെ പ്രവർത്തനം<br>കലണ്ടർ പരിചയപ്പെടുത്തൽ, Date of birth കണ്ടുപിടിക്കൽ. | |
| ജനുവരി | സംഖ്യകളെ യോജിപ്പിച്ച് ഒളിച്ചിരിക്കുന്ന പേര് കണ്ടെത്തൽ<br>Match the following | SRG |

(-1)

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാസമിതി |
| --- | --- | --- |
| ജനുവരി | ഗുണനം ഉറപ്പിക്കൽ<br>വ്യത്യസ്ത മേഖലയിലൂടെ കടന്ന് ചെന്ന് ഗുണനത്തെ തിരിച്ചറിയൽ<br>ഗുണന ഗെയിമിലൂടെ ഗുണനത്തെ ഉറപ്പിക്കൽ.<br>വരിയും നിരയും കണ്ടുപിടിച്ച് ഗുണനക്രിയകൾ ചെയ്യിക്കൽ. | SRG |
| ഫെബ്രുവരി | മില്ലിലിറ്റർ, ലിറ്റർ എന്നിവയെ തിരിച്ചറിയൽ<br>ഇതിനായി റേഷൻകടയെ പരിചയപ്പെടൽ<br>[illegible] (കടകൾ)<br>Liquid items അളക്കൽ.<br>measuring പരിചയപ്പെടൽ<br>തൂക്കുകട്ട, അളവ് ഗ്ലാസ് ഉപകരണങ്ങളെ പരിചയപ്പെടൽ<br>ഗ്രാം, കിലോഗ്രാം എന്നിവയ്ക്ക് സമാനമായി പ്രവർത്തനങ്ങൾ അവതരണം. | SRG<br>PTA<br>MPTA |
| മാർച്ച് | പഠനോത്സവം | |

മേഖല: അക്കാദമികം - ഉപമേഖല:- ഇംഗ്ലീഷ്

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാസംവിധാനം |
| --- | --- | --- |
| ജൂൺ | വായന:- ഉച്ചത്തിൽ വായന, പുസ്തകപരിചയം, വായനാമത്സരം, അടിക്കുറിപ്പ് തയ്യാറാക്കൽ, വായന<br>ബാലപ്രസിദ്ധീകരണങ്ങളുടെ വായന (കളിക്കുടുക്ക English Story.)<br>Reading theatre. | SRG, PTA |
| ജൂലൈ | Rhyming words കണ്ടുപിടിക്കൽ.<br>വാക്ക് നിർമാണം.<br>puzzle, Picture reading, Recast<br>Digitask. | SRG |
| ആഗസ്റ്റ് to സെപ്റ്റംബർ | Project<br>complete the picture<br>Origami<br>Recast<br>Digitask | SRG |
| ഒക്ടോബർ | Matching the words<br>Young ones of animals Picture<br>Used ICT.<br>Bird watching diary<br>Project<br>Recast<br>Digitask | SRG, MPTA |

| Months | Activities | Scaffold settings |
| --- | --- | --- |
| November ~~october~~ December | Pick out suitable lines<br>Fill up with preposition<br>Word puzzle<br>Crossword<br>Select a suitable headline<br>News reading, watching<br>Origami<br>Project<br>Recast<br>Digitask | SRG<br>MPTA |
| January - February | Vocabulary related to Jobs and tools<br>project work<br>Recast<br>Digitask<br>Colour the picture. | SRG<br><br><br><br>SRG, PTA, MPTA |
| March | Padanolsavam | |

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

2025-26

STD-IV

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ നാലാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ

പ്രവർത്തനങ്ങൾ മൂലം ഓരോകുട്ടിക്കും സാധ്യമാകുന്നു. പഠനപ്രവർത്തനങ്ങൾ ശിശുസൗഹൃദപരവും കുട്ടിക്ക് ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# മലയാളഭാഷ

**മധുരം മലയാളം.**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സ്ട്രാറ്റജികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ്ടീച്ചർ | PTA ഫണ്ട്. |

**വായിക്കാം വളരാം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വായനാ ശേഷി വളർത്തൽ. | ക്ലാസ് വായനാക്കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തകപരിചയം<br>വായനാകുറിപ്പ്<br>ആസ്വാദനകുറിപ്പ്<br>പുസ്തക സംവാദം.<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |

| | | | | |
|---|---|---|---|---|
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ. | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA. |
| **എഴുത്തുകാരുമായി സംവദിക്കൽ.** | | | | |
| ലേഖന ശേഷി വർധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം. | Class Teacher. | |
| **കണ്ടറിയാം.... കേട്ടറിയാം** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA. | |

സർഗ്ഗോത്സവം.

| | | | | |
|---|---|---|---|---|
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മ- വിശ്വാസത്തോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>ClassTeacher | PTA. |

| | | | | |
|---|---|---|---|---|
| **രുചിച്ചറിയാം** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | ഭക്ഷ്യമേള പാചകകുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ. | വർഷത്തി-ലൊന്ന്. | SRG<br>Class Teacher<br>PTA. | |
| **ഓർക്കാം - അഭിമാനിക്കാം** (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തക പരിചയം ക്വിസ് ലഘുപ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം പ്രദർശനം. | ആവശ്യാനു-സരണം. | SRG<br>ClassTeacher<br>CPTA. | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയാൻ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം. | വർഷത്തി-ലൊന്ന്. | HM<br>SRG<br>CPTA<br>ClassTeacher. | PTA |

# English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാപഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാപഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 3ദിവസം (വർഷം മുഴുവൻ) | ക്ലാസ്ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ.** | | | | |
| സർഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story telling) | മാസത്തിലൊന്ന് | ക്ലാസ്ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് മാഗസിൻ.** | | | | |
| സർഗാത്മകതാ രചനാശേഷി വികസനം. | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |
| **ഇംഗ്ലീഷ് കൈയെഴുത്ത്.** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ.<br>വായനാവേദ ഒരുക്കൽ<br>വായനാക്കുറിപ്പ് - പുസ്തകപരിചയം | ആഴ്ചയിൽ ഒന്ന് | ക്ലാസ്ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം<br>രചനാമത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാലം | ക്ലാസ്ടീച്ചർ. | |

# പരിസരപഠനം

| | | | | |
|---|---|---|---|---|
| പ്രകൃതി നടത്തം. | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം അറിവു നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| ശാസ്ത്രമേള. | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG [illegible] | PTA SSA |
| ശാസ്ത്രയാത്ര. | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണ ത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | ആവശ്യാനുസരണം | HM SRG CPTA classTr. | PTA രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| ഭൂപടമൊരുക്കാം. | | | | |
| കേരളം - ഇന്ത്യ ഭൂപടവായന സൂചിക- പരിചയ- പ്പെടൽ. | ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം<br>കളർ ഉപയോഗിക്കൽ | വർഷത്തി- ലൊന്ന് | SRG<br>ClassTr | PTA |
| ശാസ്ത്ര വിസ്മയ ചുമർ. | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ. | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാ- നുസരണം | SRG<br>Class Tr | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തി- ലൂടെ നേടിയ അറിവുകളുടെ പ്രയോ- ഗം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപക- രണം പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തി- ലൊരിക്കൽ | HM<br>SRG<br>ClassTr | PTA. |
| ശാസ്ത്ര മാസിക. | | | | |
| ശാസ്ത്ര പഠനത്തി- ലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തി- ലൊന്ന് | HM<br>SRG<br>ClassTr | PTA. |

# ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം...ഗണിക്കാം.** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ - മൂല്യനിർണ്ണയം (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനവും - വ്യവകലനവും (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം.** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കര - ചലന ശേഷി വികാസം. | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | വർഷത്തിലെ വിരസത (ഉചിതമായ സമയത്ത്) | ക്ലാസ്ടീച്ചർ | PTA. |
| **ഗണിതലാബ്.** | | | | |
| ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ. | ഗണിത ലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA. |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി പസിൽ, പാറ്റേൺ പഠനഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA. |

ഗണിതപഠനോപകരണ ശില്പശാല.

| | | | | |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം | SRG class Teacher | PTA. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## എൽ.പി. അറബിക്

## 2025 - 2026

STD I, II, III, IV

ULPS നാരായണമംഗലം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല. |
| --- | --- | --- | --- |
| 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്ത്, വായന എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനും ഉള്ള കഴിവ്. | 1. അക്ഷര വായന<br>* അക്ഷര കാർഡുകൾ നൽകുന്നു.<br>* അക്ഷരങ്ങൾക്ക് നിറം നൽകിയതിന് ശേഷം വായന നടത്തുന്നു.<br>* കമ്പ്യൂട്ടർ ഗെയിമിലൂടെ കുട്ടികൾക്ക് അക്ഷരങ്ങൾ മനസ്സിലാക്കിയതിന് ശേഷം വായിപ്പിക്കുന്നു.<br>* ബോർഡിൽ അക്ഷരങ്ങൾ<br>* ചിത്ര വായന.<br>* ഓരോ യൂണിറ്റിലും ഉച്ചാരണമുള്ള അക്ഷരങ്ങൾ തിരിച്ചറിയുന്നു.<br>2. എഴുത്ത്.<br>* അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.<br>* അക്ഷരങ്ങൾ ICT ഉപയോഗിച്ച് എഴുതാൻ പരിശീലിപ്പിക്കുന്നു.<br>* വലതുനിന്ന് ഇടത്തോട്ട് എഴുതാൻ പരിശീലിപ്പിക്കുന്നു. | ജൂൺ - മാർച്ച്.<br>ജൂൺ - ആഗസ്റ്റ്<br>ജൂൺ - മാർച്ച്<br>ജൂൺ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ.<br>ക്ലാസ് ടീച്ചർ. |
| 2. ചെറിയ വിവരണങ്ങൾ | 3. സചിത്ര നോട്ടുബുക്ക് നിർമ്മാണം.<br>ചെറിയ ചിത്രങ്ങളുടെ വിവരണങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു | ജൂൺ - ഒക്ടോബർ | ക്ലാസ് ടീച്ചർ. |
| 4. ചെറിയ സംഭാഷണങ്ങൾ | 4. വ്യത്യസ്ത സന്ദർഭങ്ങളിൽ സംഭാഷണങ്ങൾ കോപ്പി ചെയ്യുന്നു.<br>അത് അവതരിപ്പിക്കുന്നു. | ജൂലായ് - ഫെബ്രുവരി | ക്ലാസ് ടീച്ചർ. |

ലക്ഷ്യം : വായന    പ്രശ്നം : സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു.

| പ്രവർത്തനം | പ്രവർത്തന നേട്ടങ്ങൾ. | കാലയളവ് | ചുമതല. |
|---|---|---|---|
| (1) വായിക്കാം വളരാം. | * അക്ഷര വായന | ജൂൺ. | Class Teacher |
| | * ക്ലാസ് വായന | ജൂൺ - മാർച്ച്. | " |
| | * ചിത്രവായന | ജൂൺ - ആഗസ്റ്റ് | " |
| | * വീട്ടുവായന. | ജൂൺ - മാർച്ച്. | Parents. |
| | * വായനാമത്സരങ്ങൾ. | സെപ്റ്റംബർ - ഫെബ്രുവരി | Class Teacher |
| | * വായനാ ടെസ്റ്റ് | മാർച്ച്. | PTA. |
| | * വായനാസാമഗ്രികൾ ശേഖരിക്കൽ (കാർഡ്, പുസ്തകങ്ങൾ, ന്യൂസ് പേപ്പർ) | ജൂലൈ - ഒക്ടോബർ. | Teacher & Parent |
| | * വായനമൂല. | | |
| (2) എഴുതാം നന്നായി | * അക്ഷരങ്ങൾ/വാക്കുകൾ കുത്തിട്ട് നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു. | ജൂൺ. | |
| | * ICT ഉപയോഗിച്ച് എഴുതുവാൻ പരിശീലിപ്പിക്കുന്നു. | ജൂൺ - ഫെബ്രുവരി. | |
| | * നോട്ട്ബുക്കിൽ എഴുതിക്കുന്നു. | ജൂൺ - മാർച്ച് | |
| | * Text book ൽ എഴുതിക്കുന്നു. | " | |
| | * വാക്കുകൾ ചേർത്ത് എഴുതാൻ പരിശീലിപ്പിക്കുന്നു. | ജൂൺ - ആഗസ്റ്റ്. | |
| | * കൈയെഴുത്ത് മത്സരങ്ങൾ | മാർച്ച്. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|
| * ഉപചാര വാക്കുകൾ മനസിലാക്കൽ | * റോൾ പ്ലേ<br>* ഉപചാരവാക്കുകൾ ആവർത്തിച്ച് പറയിക്കൽ.<br>* ഉപചാരവാക്കുകൾ ക്ലാസുകളിൽ ഉപയോഗിക്കൽ | * ജൂലായ് - ആഗസ്റ്റ്<br>* ജൂലായ് - ഡിസംബർ<br>* ജൂൺ to മാർച്ച്. | ക്ലാസ് ടീച്ചർ<br>"<br>" | |
| * പക്ഷികൾ, മൃഗങ്ങൾ എന്നിവയെ തരംതിരിച്ച് മനസിലാക്കൽ | * നോട്ട്ബുക്കിൽ ചിത്രങ്ങൾ ഒട്ടിച്ച് പേര് എഴുതുക.<br>* ചിത്ര പ്രദർശനം (ചാർട്ട്, card) | * ആഗസ്റ്റ്.<br>* ജൂലായ് to മാർച്ച്. | കുട്ടികൾ, രക്ഷിതാക്കൾ.<br>ക്ലാസ് ടീച്ചർ<br>" | |
| * വീട്ടുപരിസരവും തൊഴിലും വൃത്തിയായി സൂക്ഷിക്കൽ. | * വൃത്തിയെക്കുറിച്ച് പ്ലക്കാർഡ് നിർമാണം.<br>* വൃത്തിയെക്കുറിച്ച് video<br>* വൃത്തിയെക്കുറിച്ച് - വസ്ത്രം, ശരീരം, വീട്, പരിസരം, സ്കൂൾ ബോധ്യപ്പെടുത്തൽ, ഹദീസുകൾ കേൾപ്പിക്കൽ. | September to ഡിസംബർ. | | |
| * സ്വാതന്ത്ര്യദിനം | * പതാക നിർമാണം<br>* സ്വാതന്ത്ര്യത്തിന്റെ ചരിത്രങ്ങൾ, സമരങ്ങൾ, ക്വിസ്, പ്രസംഗം | * ജനുവരി - ഫെബ്രുവരി | " | |
| * പക്ഷികളോടുള്ള സ്നേഹം. | * video പ്രദർശനം - പക്ഷികളുടെ... | * ജനുവരി - മാർച്ച് | " | |
| * ആധുനിക ലോകവും ഉപകരണങ്ങളും.<br>* ദിനോസറിനെ കുട്ടികൾക്ക് പരിചയപ്പെടുത്തണം. | * ആധുനിക ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ കുട്ടികൾക്ക് ഉള്ള കഴിവുകൾ വളർത്തുക. | * ഫെബ്രുവരി - മാർച്ച് | " | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 1) സത്യസന്ധതയെക്കുറിച്ചും പരസ്പര സ്നേഹത്തെ കുറിച്ചും മനസിലാക്കൽ. | * അനുഭവങ്ങൾ പറയലും, പറയിപ്പിക്കുക.<br>* സത്യസന്ധത, പരസ്പരസ്നേഹം എന്നിവയുടെ ചിത്രങ്ങൾ ശേഖരിക്കൽ.<br>* Video പ്രദർശനം.<br>* ഹദീസുകൾ. | ജൂൺ - ജൂലായ് | |
| 2) 10 മുതൽ 100 വരെ എണ്ണം പഠിക്കൽ | * Card നിർമ്മാണം<br>* ചാർട്ട് പ്രദർശനം.<br>* നോട്ട്ബുക്കിൽ എഴുതൽ, ചിത്രങ്ങൾ വരച്ച് ഒട്ടിക്കാം. | ജൂൺ - ഫെബ്രുവരി<br>സെപ്റ്റംബർ - ഒക്ടോബർ. | |
| 3) കാരുണ്യത്തെ കുറിച്ച് മനസിലാക്കൽ. | * കാരുണ്യത്തിന്റെ കഥകൾ, അനുഭവങ്ങൾ എന്നിവ കുട്ടികളോട് പറയൽ. | | |
| 4) കൃഷിയെക്കുറിച്ച് മനസിലാക്കൽ. | * കൃഷി രീതി, (ഉപയോഗിച്ച്) പച്ചക്കറി, പഴങ്ങൾ എന്നിവ കൃഷി ചെയ്യുക.<br>* സ്കൂൾ, വീട് എന്നിവിടങ്ങളിൽ കൃഷിചെയ്യുക. | നവംബർ - ഡിസംബർ<br>ജൂൺ - മാർച്ച്.<br>ഫെബ്രുവരി - മാർച്ച്. | |
| 5) കലാകായിക മത്സരങ്ങളും അവയുടെ [illegible]കളും മനസിലാക്കൽ. | * കലാകായിക മത്സരങ്ങൾ മനസിലാക്കൽ.<br>* പ്രതിഭകളുടെ കാർഡുകൾ തയ്യാറാക്കുക.<br>* ചിത്രങ്ങൾ നോട്ട്ബുക്കിൽ ഒട്ടിക്കുക.<br>* കളികളുടെ വീഡിയോ കണ്ട് മനസിലാക്കൽ. | | |
| 6) ശുചിത്വവും ആരോഗ്യവും | * ശുചിത്വം വരുന്ന ചിട്ടയോടെ ചെയ്ത് ശീലിക്കാൻ പരിശീലിപ്പിക്കുക.<br>* ആരോഗ്യശീലങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കു | മാർച്ച് | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല. |
|---|---|---|---|
| * ആരോഗ്യകരമായ പരിസ്ഥിതി | * വീടും പരിസരവും വൃത്തിയായി സൂക്ഷിക്കൽ. | ജൂൺ - മാർച്ച് | |
| | * ഉദ്യാന നിർമാണം. | ജൂൺ | |
| | * ഉടുപ്പും കാലും തൊട്ടുകളും മലിനമാകാതെ സൂക്ഷിക്കൽ. | ജൂൺ - മാർച്ച് | |
| * ഭക്ഷ്യസുരക്ഷ. | * കൃത്രിമമായ ഭക്ഷണ പദാർത്ഥങ്ങൾ ഉപേക്ഷിക്കൽ. | ജൂൺ - മാർച്ച് | |
| | * നല്ല ആരോഗ്യ - ഭക്ഷണശീലങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുക. | ജൂലായ് - ആഗസ്റ്റ് | |
| * സന്തുഷ്ട കുടുംബം. | * വീട്ടിലെ അംഗങ്ങളുടെ ചിത്രങ്ങൾ നോട്ടുബുക്കിൽ ഒട്ടിക്കുക. | സെപ്തംബർ - ഒക്ടോബർ | |
| * മിതവ്യയം | * ചെറിയ കുട്ടികളിൽ സമ്പാദ്യശീലങ്ങൾ വളർത്തുന്നതിന് അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുക, അവരെ അതിന് വേണ്ടി തയ്യാറാക്കുക. ഉദാ:- കോഴിവളർത്തൽ, | ഒക്ടോബർ - നവംബർ | |
| * വിവിധതരം ജോലിയും ജോലിക്കാരും | * വിവിധ ജോലികളുടെ ചാർട്ട് പ്രദർശനം. | നവംബർ - ജനുവരി | |
| | * കുറിപ്പ് തയ്യാറാക്കൽ. | ജനുവരി - ഫെബ്രുവരി | |
| | * ജോലിയെക്കുറിച്ച് സ്വന്തമായി കവിത തയ്യാറാക്കൽ. | | |
| * രാജ്യസ്നേഹം. | * കുട്ടികളിൽ രാജ്യസ്നേഹം വളർത്തുക. | ഫെബ്രുവരി - മാർച്ച് | |
| | * ഗാന്ധിജി, ജവഹർലാൽ നെഹ്റു തുടങ്ങിയ മഹാന്മാരുടെ കുറിപ്പുകൾ തയ്യാറാക്കൽ. | | |